## 89

1 വാഴ്ത്തിടും ഞാനെന്റെ രക്ഷകനെയെന്നും
സ്തോത്രം ചെയ്യും തന്റെ വൻ കൃപയ്ക്കായ്

2 ശത്രുവിൻ ശക്തികളേശാതെയെന്നെയീ
ആഴ്ചമുഴുവനും കാത്തതിനാൽ

3 വീഴ്ചകളേശാതെ സൂക്ഷിച്ചതോർത്തിന്നു
കാഴ്ചവയ്ക്കുന്നെന്നെ നിൻ പാദത്തിൽ

4 ആഴ്ചവട്ടത്തിന്റെ ഒന്നാം ദിനം നിന്നെ
ആദിപിതാക്കന്മാർ വാഴ്ത്തിയപോൽ

5 ഇമ്പമോടിന്നിതാ നിൻമക്കളൊന്നിച്ചു
തുമ്പമെന്യേ നിന്നെ കുമ്പിടുന്നു

6 ശുദ്ധരോടൊന്നിച്ചു സ്തോത്രം ചെയ്‌വാനെന്നെ
പാത്രമാക്കിയോനെ വാഴ്ത്തുന്നിപ്പോൾ

7 നാറ്റം പിടിച്ചു ഞാൻ ചേറ്റിൽ കിടന്നപ്പോ-
ളേറ്റിയ കർത്തനെ വാഴ്ത്തുന്നിപ്പോൾ

J.K.K.